Mr. P Krishna Menon.—Have you got 75 copies?

Mr. T. K. Krishna Menon.—Yes, we have got. No amendment also.

Deputy President.—A few copies may be circulated. There is no amendment received.

Mr. T. K. Krishna Menon.—No amendment.

Motion put and agreed to.

Mr. K. Mohammed Seethi.—I move that the bill may be taken up and passed at a subsequent meeting of the Council.

Deputy President.—There are no amendments. So there is nothing to be considered.

Mr. A. K. Kunhi Moideen.—I second the motion.

The motion that the Bill may be taken up and passed at a subsequent meeting was put and agreed to.

Resolutions on matters of general public interest.

1. Eriyad Lower Secondary School.

മിസ്റ്റർ എ. കെ. കഞ്ഞുമൊയ്തീൻ.—സർ, ഇതാണ് എന്റെ പ്രമേയം:—"എറിയാട് ലോവർസെക്കണ്ടറി സ്കൂളിനെ ഒരു മുസ്ലിം ഹൈസ്കൂളാക്കി ഉയർത്തണമെന്നും ഈ കൌൺസിൽ ഗവ ൺമെന്റിനോട് ശുപാർശ ചെയ്യുന്നു." നമ്മുടെ വിദ്യാഭ്യാസവികാസ ത്തിനുവേണ്ടി ധാരാളം ഹൈസ്കൂളുകളും മറ്റും നടത്തുന്നുണ്ടെന്നും നമ്മു ടെ രാജ്യം വിദ്യാഭ്യാസത്തിൽ നല്ല നിലയിൽ സ്ഥിതിചെയ്യുകയാ ണെന്നും അക്കാര്യത്തിൽ ഈ സംസ്ഥാനം ഒരു വലിയ ഔന്നത്യം പ്രാപിച്ചിരിക്കയാണെന്നും ഉള്ള സംഗതിയെ ഞാൻ അശേഷം മറക്കുന്നില്ല. കഴിവുള്ളിടത്തോളം പ്രാഥമിക വിദ്യാഭ്യാസം പ്രചുരപ്രചാരത്തിലാക്കിത്തീർക്കുകയല്ലാതെ ഹൈസ്കൂൾ വിദ്യാ ഭ്യാസത്തിനു നിർബ്ബന്ധിക്കരുതെന്നും എനിക്കറിയാം. എന്നാൽ മുസ്ലിം സമുദായത്തിന്റെ ഇന്നത്തെ ദയനീയാവസ്ഥയിൽനിന്നും ഈ സമുദായത്തെ ഉയർത്തേണ്ടതു ലേക്കു നമ്മുടെ ഗവൺമെൻറു മാ ത്രമല്ല തിരുവിതാംകൂർ ഗവൺമെൻറും മുസ്ലീം വിദ്യാഭ്യാസവിഷയ ത്തിൽ പലവിധ അനുകൂല്യം ചെയ്തുവരുന്നുണ്ട്. മദ്രാസിൽ തന്നെ ഒരു മഹമ്മദീയകാളേജ് ഗവൺമെൻറു ചിലവിൽ നല്ല രീ തിയിൽ നടത്തുന്നുണ്ട്. വെല്ലൂരിലും ഒരു മുസ്ലീംഹൈസ്കൂൾ ഉണ്ട് തിരുവിതാംകൂറിൽ ഒന്നോ, രണ്ടോ ഹൈസ്കൂളുകൾ ഗവൺമെൻറു ചിലവിന്മേൽ നടത്തുന്നു. മുസ്ലീം എന്നു പേരുവെച്ചുകൊണ്ട് ഇതരസമുദായക്കാർ അവിടെ പഠിക്കാൻ യാതൊരു വിധത്തിലു മുള്ള തടസ്സങ്ങളില്ലെന്ന് പ്രത്യേകം ഓർക്കേണ്ടതാണ്. എറിയാ ട്ടു് ഇപ്പോൾ നിലവുള്ള ലോവർസെക്കൻററി സ്കൂളിൽ ഇതരസമു ദായത്തിൽനിന്നും ധാരാളം കുട്ടികൾ പഠിക്കുന്നതുകൊണ്ടുതന്നെ ഇതിനെ ഒരു മുസ്ലീം സ്കൂൾ എന്നു വിളിക്കുന്നതുകൊണ്ട് അക്കാര്യ ത്തിൽ പ്രതിബന്ധമുണ്ടാകുന്നതല്ലെന്നു പ്രതീക്ഷിക്കാം. അങ്ങി നെ വല്ല പ്രതിബന്ധവും ഉണ്ടെങ്കിൽ അങ്ങിനെ പേരുകൊടുത്തേ കഴിയൂ എന്നു എനിക്കു നിർബ്ബന്ധവും ഇല്ല. പക്ഷേ മുസ്ലീം സമു

LIBRARY ARCHIVES Kerala Legislative Assembly

ദായത്തെ വിദ്യാഭ്യാസ വിഷയത്തിൽ പ്രോത്സാഹിപ്പിക്കാനും അവക്കു അതിൽവേണ്ടത്ര അഭിരുചി ഉണ്ടാക്കുന്നതിനും മുസ്ലീം സങ്കേതമായ കൊടുങ്ങല്ലൂരിൽ ഒരു ഹൈസ്കൂൾ ഉണ്ടായിരുന്നാൽ വളരെ സഹായമായിരിക്കുമെന്നാണ് എന്റെ അഭ്യർത്ഥന. പണമില്ലാതെ കഷ്ടപ്പെട്ടുവലയുന്നകൊടുങ്ങല്ലൂരിൽ ഒരു ഹൈസ്കൂൾകൂടി ഉണ്ടാക്കണമെന്ന് ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന മെംബർ പറയുന്നുവല്ലൊ എന്നു നിങ്ങളിൽ ചിലരും അത്ഭുതപ്പെട്ടേയ്ക്കാം. എന്നാൽ ഗവർമ്മെൻറ് സഹായിപ്പാനായി ഞാൻ ആവശ്യപ്പെടുന്നില്ല. കൊടുങ്ങല്ലൂരിന്റെ താല്ക്കാലികമായ സാമ്പത്തികസ്ഥിതിയേയും ഇപ്പോഴത്തെ രണ്ടുഹൈസ്കൂളുകൾക്കു കൊടുങ്ങല്ലൂരിൽനിന്നു ധാരാളംപണംചിലവു ചെയ്യുവരുന്നതിനേയും സ്മരിച്ച് ഹൈസ്കൂൾകെട്ടിടത്തിനു വേണ്ടിവരുന്ന ചിലവിൽ പകുതി കൊടുങ്ങല്ലൂരിലെ മുസ്ലീം സമുദായം വഹിക്കാൻ തയാറുള്ള വിവരം ഞാൻ അഭിമാനപൂർവ്വം ഇവിടെ പ്രസ്താവിക്കുന്നു. മുസ്ലീം സമുദായം ഗവർമ്മെൻറിന്റെ മുഴുവൻ സഹായവും അഹിക്കുന്നുണ്ടെങ്കിലും മേല്പറഞ്ഞ കാരണങ്ങളാലാണ് സമുദായംതന്നെ പകുതി വഹിക്കാമെന്നു തീർച്ചപ്പെടുത്തിയതു്. അതിനാൽ അതിനെപ്പറ്റി പ്രസംഗിച്ചുസമയംകളയേണ്ടആവശ്യമില്ല. ഗവർമ്മെൻറ് ഒരു അനുകൂലനയംസ്വീകരിച്ചിട്ടുള്ളതുകൊണ്ടു ഗവർമ്മെൻറുകൊണ്ടുകൂടി മുതലോടുകൂടിപെരുമാറണമെന്നാണ് ഞാൻഅപേക്ഷിക്കുന്നതു്. കൗൺസിലും ഗവർമ്മെൻറും ഈ സംഗതിയെപ്പറ്റി മുതലാപൂർവ്വം ആലോചിച്ച് എന്റെ പ്രമേയം സ്വീകരിച്ചു" ഉടനെ നടപ്പിൽ വരുത്തണമെന്നു പ്രസ്താവിച്ചുകൊണ്ട് ഞാനതിനെ അവതരിപ്പിക്കുന്നു.

Mr. K. Mohamed Seethi.—I second it.

റാവു സാഹിബ് മാസ്റ്റർ സി മത്തായി.—കൊടുങ്ങല്ലൂർ മെംബർ പ്രസ്താവിച്ചതുപോലെ കൊടുങ്ങല്ലൂരിൽ ഇപ്പോഴും രണ്ടു ഹൈസ്കൂളുകളുണ്ട്. കൊടുങ്ങല്ലൂരിന്റെ മുതലെടുപ്പിൽ ഒരു വലിയഭാഗം വിദ്യാഭ്യാസത്തിനായി ചിലവിടുന്നുണ്ട് ചെറിയ ഒരു കാലത്തിനിടയിൽ മൂന്നു ഹൈസ്കൂളുകൾ അവിടെ സ്ഥാപിക്കണമെന്നുപറയുന്നതിന്റെ അത്യാവശ്യകതയെപ്പറ്റി അറിയാൻ സാധിക്കുന്നില്ല. ഇപ്പോഴത്തെ ആൺകുട്ടികൾക്കായി ഒന്നും പെൺകുട്ടികൾക്കായി ഒന്നും ഇങ്ങിനെ രണ്ടു ഹൈസ്കൂളുകൾനടത്തുന്നുണ്ട്. അവിടെ മുസ്ലീം കുട്ടികളും ധാരാളം പഠിച്ചുവരുന്നുണ്ട്. അതിനാൽ മൂന്നാമതൊരു സ്കൂൾ കൂടെ വേണമെന്നകാര്യം വളരെ സംശയത്തിലാണിരിക്കുന്നതു്. ഇതിനേക്കാൾ പ്രധാനമായ ഒരു പ്രതികൂല്യം മെംബർ തന്നെ പറഞ്ഞതുപോലെ കൊടുങ്ങല്ലൂരിന്റെ കഷ്ടതരമായ ക്ലോശസ്ഥിതിയാണ്. പകുതിച്ചിലവു കെട്ടിടത്തിനുള്ളതു് മുസ്ലീം സമുദായംവഹിച്ചുകൊള്ളാമെന്നും പറയുന്നു. ചിലവു മുഴുവൻ വഹിക്കാൻ തയാറുണ്ടെങ്കിൽ ഗവർമ്മെണ്ടു് അതിനെപ്പറ്റി ആലോചിക്കുമെന്നുതോന്നുന്നു. അല്ലാതെ ഇക്കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തെപ്പറ്റി ആലോചിച്ച് ആവശ്യപ്പെട്ടപ്രകാരത്തിൽ ഒരു തീർപ്പു കല്പിക്കാൻ ഗവമ്മെണ്ടിനു സാധിക്കുമെന്നുതോന്നുന്നില്ല. മുഴുവൻ ചിലവു വഹിക്കാൻ സാധിക്കുമെങ്കിൽ ഞാൻ അനുകൂലമായി ഗവമ്മെണ്ടിലേക്കെഴുതാമെന്നേ തല്ക്കാലം പറയാൻ കഴികയുള്ളു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.— കൊച്ചി വക ഇടവിലങ്ങ് എന്നൊരു വില്ലേജു കൊടുങ്ങല്ലൂരിനടുത്തുണ്ട്. അവിടങ്ങളിലുള്ള കുട്ടികൾ കൊടുങ്ങല്ലൂർ വന്നു പഠിക്കുന്നുണ്ട്. ഒരു പ്രത്യേക സംഗതി ഗവമ്മെണ്ടിന്റെ ആലോചനക്കു കൊണ്ടുവന്നാൽ കൊള്ളാമെന്നുണ്ട്. സ്പെഷ്യൽ ഫിനാൻസുകമ്മിറ്റി റിപ്പോർട്ടിൽ നമ്മുടെ ബഹുമാനപ്പെട്ട ജന്മിമെംബർ കൊടുങ്ങല്ലൂരിലെ ഗേൾസ് ഹൈസ്കൂളിനെക്കുറിച്ച് ഒരു നിർദ്ദേശം കൊണ്ടുവരികയുണ്ടായി. ആ സംഗതിയെക്കുറിച്ചു ഗവമ്മെണ്ട് വല്ലതും ആലോചിക്കുകയുണ്ടായൊ എന്നു് അറിഞ്ഞാൽ കൊള്ളാം. കൊടുങ്ങല്ലൂരിലെ ഗേൾസ് ഹൈസ്കൂൾ ഒരു ലോവർസെക്കണ്ടറി ആക്കിനടത്തിയാൽ മതിയെന്നാണു് ആ നിർദ്ദേശം. വളരെ കുറച്ചു കുട്ടികൾ മാത്രമെ അവിടെയുള്ളു. അതുകൊണ്ടു് അതു ലോവർസെക്കണ്ടറി ആക്കിയാലും തരക്കേടില്ല. എന്നാൽ അങ്ങിനെ ചെയ്യണമെന്നു നിഷ്കർഷിക്കുന്നുമില്ല. ഗവമ്മെണ്ടിനു സൌകര്യമെന്നു തോന്നുകയാണെങ്കിൽ അങ്ങിനെ ചെയ്താൽ മതി. കൂടുതൽ വേണ്ടിവരുന്ന കെട്ടിടച്ചിലവിൽ പകുതി മുസ്ലീം സമുദായം വഹിക്കാൻ തയാറുണ്ടെന്നു പറഞ്ഞപ്പോൾ മുഴുവനും വഹിക്കണമെന്നാണു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമെംബർ പ്രസ്താവിക്കുന്നതു്. ഉന്നതവിദ്യാഭ്യാസത്തിനായി പോകണമെന്നും ഉദ്യോഗത്തിൽ പ്രവേശിക്കണമെന്നും ആഗ്രഹിക്കുന്നവർക്കു് ഗവമ്മെണ്ടിന്റെ സഹായം കൂടാതെ കഴികയില്ല എന്നുള്ളതുകൊണ്ടല്ലാതെ ഞങ്ങൾക്കു ഞങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നതിനു ഗവമ്മെണ്ടനുവാദം എന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. മുഴുവൻ ചിലവും ഞങ്ങളെക്കൊണ്ടു വഹിക്കാൻ കഴിയുമെങ്കിൽ ഗവമ്മെണ്ടിന്റെ സഹായവും അനുവാദവും എന്തിനാണു്?

റാവുസാഹിബ്ബ് മിസ്റ്റർ സി. മത്തായി.—സ്കൂൾ നടത്തണമെങ്കിൽ ഗവമ്മെണ്ടു് അനുവാദം ആവശ്യമാണു്.

മിസ്റ്റർ. എ. കെ. കുഞ്ഞുമൊയ്തീൻ.—മേൽക്ലാസ്സിൽ പഠിക്കണമെന്നും ഉദ്യോഗം കിട്ടണമെന്നും ഉണ്ടെങ്കിൽ ഗവമ്മെണ്ടനുവാദം ആവശ്യം തന്നെ. സമുദായത്തിനു് ഇതിലേക്കുള്ള മുഴുവൻ ചിലവും ചെയ്യാൻ സൌകര്യമുണ്ടെങ്കിൽ ഗവമ്മെണ്ടിനോടു ഇങ്ങിനെ ഒന്നപേക്ഷിക്കാൻ ഞങ്ങൾക്കും ഒരുമ്പെടുകയില്ലായിരുന്നു ഗവമ്മെണ്ടു ചെയ്തുവരുന്ന സഹായങ്ങളും ആവശ്യപ്പെടുകയില്ലായിരുന്നു. ഞങ്ങളുടെ കുട്ടികളുടെ അഭ്യുദയത്തെ കരുതിയാണു് പകുതി ചിലവു സമുദായം വഹിക്കാമെന്നുവച്ചതു്. അല്ലാത്തപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂറിലെപ്പോലെ ഗവമ്മെണ്ടു സഹായമായി നടത്തണമെന്ന ആവശ്യപ്പെട്ടമായിരുന്നു. കൊടുങ്ങല്ലൂരിന്റെ ഇന്നത്തെ സ്ഥിതിക്കു ഞങ്ങൾ അതിലേക്കു നിർബ്ബന്ധിക്കുന്നില്ല. ഇക്കാര്യത്തെ ദയവായി ഗവമ്മെണ്ടു ആലോചിച്ചു ഉടനെ പ്രവൃത്തിയിൽ വരുത്തുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ പ്രമേയം ഞാൻ പിൻവലിക്കുന്നു.

The resolution was, with leave, withdrawn.

2. Hundi Merchants.

Mr. T. A. Ramachandra Ayyar.—" This Council recommends that all Hundi Merchants who receive deposits from the public must be asked to file with the Registrar of Joint Stock Companies a Balance Sheet audited and certified by a Government certified auditor every year as in the case of Joint Stock Companies."

ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചതു് ഈയിടെ തൃശ്ശിവപേരൂർ പട്ടണത്തിൽ ഹുണ്ടികവ്യാപാരം നടത്തിയിരുന്ന ഒരു ഹുണ്ടികക്കാരൻ പൊളിഞ്ഞതിനാൽ ഈ രാജ്യത്തിലെ പല ജനങ്ങൾക്കും നേരിട്ട വലുതായ സങ്കടങ്ങളും കഷ്ടപ്പാടുകളുമാണു്. നമ്മുടെ രാജ്യത്തു് ഹുണ്ടികക്കച്ചവടം നടത്തുന്നതു് മിക്കവാറും അന്യരാജ്യക്കാരാണു്. അവർ അവിടെനിന്നും ഇവിടെവന്നു കച്ചവടം ചെയ്യുന്നുവെന്നല്ലാതെ അവരുടെസ്ഥിതിയെപ്പറ്റിനമുക്കു് ഒരറിവും കിട്ടാതെയാണിരിക്കുന്നതു്. പൊളിയുന്നവരിൽ അധികവും ഇവർതന്നെയാണു്. ഇവരുടെ അടുത്തു പണം കൊടുക്കുന്ന അളുകൾ വളരെ ദരിദ്രന്മാരും വളരെ കഷ്ടപ്പെട്ടു കാലയാപനം ചെയ്യുന്നവരുമാണു്. ഗവമ്മെണ്ടു് ഉദ്യോഗസ്ഥന്മാരും ഇവരെ വിശ്വസിച്ചു പണം ഏല്പിക്കുന്നുണ്ടു്. ഇവർ ഇവരുടെ നല്ലകാലം മുഴുവനും എല്ലുമുറികെ കഷ്ടപ്പെട്ടു സമ്പാദിച്ചവയായിരിക്കും ഇപ്പണം. ചില വിധവകളും അവർക്കു് മറ്റാരും ആശ്രയം ഇല്ലാത്തതിനാൽ വിശ്വാസത്തോടെ ഇവരുടെപക്കൽ പണം നിക്ഷേപിക്കുന്നു. എന്നാൽ ഈ ഹുണ്ടിക വ്യാപാരിയുടെസ്ഥിതി ആർക്കും ഒരു രൂപവും ഇല്ല. ഉദ്യോഗസ്ഥന്മാർ അവരെ ഏല്പിക്കുന്നതു് അവരുടെ ഉദ്യോഗകാലത്തു് ശമ്പളം പിടിച്ചു കൂട്ടികിട്ടുന്ന തുക പെൻഷൻ പറ്റുമ്പോൾ കിട്ടുന്നതാണു്. ഈ ഹുണ്ടികക്കാർ പൊളിയുന്നതിനു മുമ്പു് ഒരു കല്ല്യാണമൊ മറ്റെന്തെങ്കിലും അടിയന്തരമൊ പൊടിപൊടിച്ചു നടത്തും അതുകഴിഞ്ഞാലുടനെപൊളിഞ്ഞതായി ഒരറിപ്പുണ്ടാകുകയായി. അവരെപ്പറ്റിയാതൊരു വർത്തമാനമൊ അവരുടെ സ്വത്തിന്റെ സ്ഥിതിയൊ ഈ രാജ്യക്കാർക്കു മനസ്സിലാക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. അതിനാൽ അവരെ വിശ്വസിച്ചു പണം നിക്ഷേപിക്കുന്ന ജനങ്ങൾക്കു് അതിരറ്റ സങ്കടത്തിനും കഷ്ടപ്പാടുകൾക്കും കാരണമാകുന്നു. അതിനാൽ മേലാൽ ഇത്തരക്കാരെപ്പറ്റി നാട്ടു

LIBRARY ARCHIVES Kerala Legislative Assembly